## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത** **27.10. 2016-ൽ മറുപടിക്ക്**

**ചോദ്യം നം.4976**

## ശുചിത്വതീരം പദ്ധതി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ. എം. വിൻസെന്റ്**<br>**ശ്രീ.അൻവർ സാദത്ത്**<br>**ശ്രീ.വി.ഡി. സതീശൻ**<br>**ശ്രീ.വി.എസ്. ശിവകുമാർ** | | **ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ**<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | സംസ്ഥാനത്ത് ശുചിത്വതീരം പദ്ധതി വ്യാപിപ്പിക്കാനുദ്ദേശിക്കുന്നുണ്ടോ; വിവരിക്കുമോ; | (എ) | കേരളതീരത്തെ മുഴുവൻ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കും ശുദ്ധമായ കുടിവെള്ളവും സുരക്ഷിതമായ ടോയ്‌ലറ്റുകളും തീരത്തിലാകെ ഫലപ്രദമായ മാലിന്യസംസ്കരണ സംവിധാനങ്ങളും മികച്ച ശുചിത്വബോധവും ശീലങ്ങളും പ്രദാനംചെയ്യുക എന്നതാണ് ശുചിത്വതീരം പദ്ധതി നടപ്പിലാക്കുന്നത് കൊണ്ടുദ്ദേശിക്കുന്നത്. ടി പദ്ധതി എല്ലാ തീരദേശ ജില്ലകളിലും നടപ്പിലാക്കിവരുന്നു |
| (ബി) | തീരദേശത്തെയും ജലാശയങ്ങളെയും ആവാസ കേന്ദ്രങ്ങളെയും മാലിന്യമുക്തമാക്കുന്നതിന് എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) | ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടേയും, ശുചിത്വമിഷന്റെയും സഹകരണത്തോടും പങ്കാളിത്വത്തോടെയുമാണ് 'ശുചിത്വതീരം' പദ്ധതി നടപ്പാക്കുന്നത്. പദ്ധതിയുടെ ഭാഗമായി വൃത്തിയുള്ളതും തീരദേശത്തെ പ്രത്യേക ഭൂമിശാസ്ത്രം കണക്കിലെടുത്ത് ഏത് കാലാവസ്ഥയിലും ഉപയോഗക്ഷമവുമായ ടോയ്‌ലറ്റ് സൗകര്യം ഒരുക്കുന്നതിനും കടൽതീരത്തെ മാലിന്യങ്ങൾ നീക്കം ചെയ്ത് തീരദേശത്ത് ഫലപ്രദമായ മാലിന്യ സംസ്ക രണസംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനും പദ്ധതി ലക്ഷ്യമിടുന്നു. തീരപ്രദേശത്ത് നിന്ന് ശേഖരിക്കുന്ന ഖര മാലിന്യങ്ങളെ ജൈവ-അജൈവങ്ങളായി തരം തിരിക്കുകയും അജൈവമാലിന്യങ്ങളിൽ വിശിഷ്യാ പ്ളാസ്റ്റിക് മാലിന്യങ്ങൾ തരം തിരിച്ച് റോഡ് നിർമ്മാണത്തിന് പ്രയോജനപ്പെടുത്തുന്നതിനാണ് |

| | | | |
|---|---|---|---|
| | | | ഉദ്ദേശിക്കുന്നത്. ശുചിത്വമിഷനും തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളും കണ്ടെത്തിയിട്ടുള്ള ഏജൻസികൾ മുഖേനയാണ് മാലിന്യങ്ങൾ സംസ്കരിക്കുന്നത്. ഇതോടൊപ്പം മഹാത്മാഗാന്ധി / അയ്യൻകാളി തൊഴിലുറപ്പ് പദ്ധതികളുടെ പ്രവർത്തകരെ ഉപയോഗപ്പെടുത്തി തീരപ്രദേശത്തുള്ള ചെറുതോടുകൾ, കുളങ്ങൾ എന്നിവ പ്ലാസ്റ്റിക് മാലിന്യങ്ങൾ, ചെളി, ഇതര മാലിന്യങ്ങൾ,എന്നിവ നീക്കി ഉപയോഗ യോഗ്യമാക്കുന്നതിനും പദ്ധതി ലക്ഷ്യമിടുന്നു.<br>പദ്ധതിക്ക് ജനകീയ പങ്കാളിത്തം ഉറപ്പാക്കുന്നതിനായി മത്സ്യത്തൊഴിലാളി സഹകരണസംഘങ്ങൾ, വനിത സ്വയം സഹായ സംഘങ്ങൾ, എൻ.ജി.ഒ. കൾ, കമ്മ്യൂണിറ്റി ഓർഗനൈസേഷനുകൾ, ബാങ്കുകൾ, സ്കൂളുകൾ, സ്വകാര്യ സ്ഥാപനങ്ങൾ, പൊതുജനങ്ങൾ എന്നിവരുടെ പൂർണ്ണ സഹായ സഹകരണത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്. പദ്ധതിയുടെ പ്രാരംഭ പ്രവർത്തനമായി തീരപ്രദേശം മാലിന്യ മുക്തമാക്കുന്നതിന്റെ ആവശ്യകത സംബന്ധിച്ച ബോധവൽക്കരണ പരിപാടികളും, പ്രചാരണ പരിപാടികളും നടത്തി വരുന്നു. ബന്ധപ്പെട്ട ജില്ലാ കളക്ടർമാരുടെ അദ്ധ്യക്ഷതയിൽ യോഗം വിളിച്ച് ചർച്ച ചെയ്യുകയും സ്വയം സഹായ സംഘങ്ങളുടേയും സന്നദ്ധ സംഘങ്ങളുടേയും സഹായത്തോടെ തീരപ്രദേശത്ത് സർവ്വേ നടത്തി എല്ലാ മത്സ്യത്തൊഴിലാളി ഭവനങ്ങളിലും ടോയ്‌ലറ്റ് സൗകര്യം ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | പദ്ധതി നടത്തിപ്പിന് എന്തെങ്കിലും കേന്ദ്ര സഹായം ലഭിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ? | (സി) | ടി പദ്ധതി നടപ്പിലാക്കുന്നതിനായി നാളിതുവരെ കേന്ദ്ര സഹായം ലഭ്യമായിട്ടില്ല. |

സെക്ഷൻ ഓഫീസർ